**കോളജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം.**

കോവിവ - ജീവനക്കാര്യം - ശ്രീമതി സുജ വി ഗോപാൽ ഹെഡ് അക്കൗണ്ടന്റ്, ശമ്പള രഹിത അവധി റദ്ദാക്കി തിരികെ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ് നമ്പർ:C2/1429/2019/DCEതിരുവനന്തപുരം തീയതി:18.01.2020

പരാമർശം:-(1) 15.03.2019 ലെ ഉത്തരവ് നമ്പർ സി 4/49235/2018/DCE.

(2) ശ്രീമതി സുജ വി ഗോപാൽ ഹെഡ് അക്കൗണ്ടന്റിന്റെ 16.01.2020 ലെ അപേക്ഷ.

(3) 01.01.2020-ലെ ഇതേ നമ്പർ ഉത്തരവ് .

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം തവനൂർ സർക്കാർ കോളേജിൽ ഹെഡ് അക്കൗണ്ടന്റ് ആയിരുന്ന ശ്രീമതി സുജ വി ഗോപാലിന് അവധി പ്രയോജനപ്പെടുത്തുന്ന തീയതി മുതൽ 10.02.2020 വരെ കെ എസ് ആർ ഭാഗം I അനുബന്ധം 12 A പ്രകാരം ശൂന്യവേതന അവധി അനുവദിച്ചിരുന്നു. പരാമർശം (2) പ്രകാരം ടി യാൾ അവധി റദ്ദാക്കി തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് അനുമതി നൽകണമെന്ന് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. പരാമർശം (3) ഉത്തരവ് പ്രകാരം എറണാകുളം സർക്കാർ ലോ കോളേജിലെ സീനിയർ ക്ലർക്കായ ശ്രീ നിതിൻ എസ് ആന്റണിയെ ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ചൊക്ലി സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിൽ നിയമിച്ചിരുന്നു. എന്നാൽ ടിയാൻ ജോലിയിൽ പ്രവേശിച്ചിട്ടില്ല. നിലവിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ മറ്റ് ഒഴിവുകളില്ലാത്തതാകുന്നു.

മേൽസാഹചര്യത്തിൽ ശ്രീ നിതിൻ എസ് ആന്റണി സീനിയർ ക്ലർക്കിനു പരാമർശം (3) ഉത്തരവ് പ്രകാരം നൽകിയിരുന്ന ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേക്കുള്ള സ്ഥാനകയറ്റം റദ്ദ ചെയ്തു ഉത്തരവാകുന്നു. ശ്രീമതി സുജ വി ഗോപാൽ ഹെഡ് അക്കൗണ്ടന്റിനെ ചൊക്ലി സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിലെ ഹെഡ് അക്കൗണ്ടന്റ് തസ്തികയിലെ ഒഴിവിൽ നിയമനം നൽകി ഉത്തരവാകുന്നു.

ഈ ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റ് ആയ www.collegiateedu.kerala.gov.in യിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശ്രീമതി സുജ വി ഗോപാൽ ജോലിയിൽ പ്രവേശിച്ച ശേഷം പ്രയോജനപ്പെടുത്താത്ത അവധി റദ്ദാക്കുന്നതിനു ഉചിത മാർഗേന അപേക്ഷ സമർപ്പിക്കേണ്ടതാണ്. ടിയാൾ ജോലിയിൽ പ്രവേശിച്ച വിവരം സ്ഥാപന മേധാവി യഥാസമയം ഈ കാര്യാലയത്തിലേക്കു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

Approval Valid

Digitally Approved By
ഷൂജ ആർ
Date: 18.01.2020
Reason: Approved

Sd/-
ഷൂജ ആർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
0471-2303548
dirdce.colledn@kerala.gov.in

പകർപ്പ്,

(1) ബന്ധപ്പെട്ട ജീവനക്കർക്ക്
(2) ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്.
(3) സി 4 സെക്ഷൻ